**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3409** **26-10-2021 - ൽ മറുപടിയ്ക്ക്**

**പുനർജനി പദ്ധതിയില്ലൂടെ കാർഷിക മേഖലയുടെ പുനസൃഷ്ടിക്കായി നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്രളയക്കെടുതിയിൽ നിന്നും കർഷകരെ കൈപിടിച്ച് ഉയർത്തുവാൻ ആവിഷ്കരിച്ച പുനർജനി പദ്ധതിയില്ലൂടെ കാർഷിക മേഖലയുടെ പുനസൃഷ്ടിക്കായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഇത് ഏതെല്ലാം ജില്ലകളിലാണെന്നും വകയിരുത്തിയ തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി എന്തെന്നും വിശദമാക്കാമോ; | (എ) | 2018, 2019 വർഷങ്ങളിലെ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും സംഭവിച്ച നാശനഷ്ടങ്ങളിൽ നിന്നും കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ പുനർ നിർമ്മിച്ചെടുക്കുന്നതിനാണ് പുനർജനി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 2020-2021 സാമ്പത്തിക വർഷം 2020-2021 സാമ്പത്തിക വർഷം പുനർജനി പദ്ധതിയിൽ 224.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾ. 1. ആലപ്പുഴ ജില്ല ഓണാട്ടുകര വികസന ഏജൻസി നിർമ്മിച്ച ഓച്ചിറ കറ്റേവയൽ - ചേനാട്ടുശ്ശേരി ചാനൽ ചെലവ് 15.00 ലക്ഷം രൂപ. 2. പത്തനംതിട്ട ജില്ല പെരിങ്ങര കൃഷി ഭവൻ കെട്ടിടം നിർമ്മാണത്തിനായി 60.00 ലക്ഷം രൂപ PWD കെട്ടിട നിർമ്മാണ വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കി വരുന്നു. നിരണം കൃഷി ഭവൻ കെട്ടിടം നിർമ്മാണത്തിനായി 55.00 ലക്ഷം രൂപ PWD കെട്ടിട നിർമ്മാണ വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കി വരുന്നു. പന്തളം ഷുഗർകെയിൻ സീഡ് ഫാമിലെ റോഡ്, പോളി ഹൗസ് തുടങ്ങിയവയുടെ പുനരുദ്ധാരണത്തിനായി 21.41 ലക്ഷം രൂപ ചെലവഴിച്ചു. ജില്ലാ മണ്ണ് പരിശോധന ലാബിന്റെ തകർന്ന കെട്ടിടം പുനർനിർമ്മിക്കുന്നതിന് 70.00 ലക്ഷം രൂപ PWD കെട്ടിട നിർമ്മാണ വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കി വരുന്നു. 2021-2022 സാമ്പത്തിക വർഷം 2021-2022 സാമ്പത്തിക വർഷം പുനർജനി പദ്ധതിയിൽ 185.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. 1. ഇടുക്കി ജില്ല ഇടുക്കി ജില്ലയിലെ അരീക്കുഴ ജില്ലാ കൃഷി ഫാമിലെ റെയിൻ ഷെൽട്ടർ, ഗ്രീൻ ഹൗസ് തുടങ്ങിയവയുടെ നിർമ്മാണത്തിനായി 20.00 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 2. |

| | | | |
|---|---|---|---|
| | | | പത്തനംതിട്ട ജില്ല പന്തളം ഷുഗർകെയിൻ സീഡ് ഫാമിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ a) ഫാം റോഡ് നിർമ്മാണം (45.1696 ലക്ഷം രൂപ) - കരാർ ഉടമ്പടി വയ്ക്കുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. b) സംരക്ഷണ ഭിത്തിയുടെയും ചുറ്റു മതിലിന്റെയും പുനർ നിർമ്മാണം (93.0004 ലക്ഷം രൂപ) - മണ്ണ് പരിശോധനയും ഡിസൈനും ചെയ്യുന്നതിനായി കുട്ടനാട് എഞ്ചിനീയറിംഗ് കോളേജിന് കത്ത് നൽകിയിട്ടുണ്ട്. കനത്ത മഴയും നീരൊഴുക്കും കാരണം പ്രവൃത്തി ആരംഭിക്കാൻ താമസം നേരിട്ടിട്ടുണ്ട്. c) ആട്ടിൻ കൂട്, കാലിത്തൊഴുത്ത്, ശർക്കര നിർമ്മാണ യൂണിറ്റ് തുടങ്ങിയവയുടെ പുനരുദ്ധാരണം (10.04 ലക്ഷം രൂപ) - ആട്ടിൻകൂടിന്റെ പ്രവൃത്തി പൂർത്തിയായി. കാലിത്തൊഴുത്തിന്റെയും ശർക്കര നിർമ്മാണ ശാലയുടെയും പുനരുദ്ധാരണം പുരോഗമിക്കുന്നു. d) ഗേറ്റ്, നെയിം ബോർഡ്, ക്യാന്റീൻ ചുറ്റുമതിൽ തുടങ്ങിയവയുടെ നിർമ്മാണം (16.79 ലക്ഷം രൂപ) - എസ്റ്റിമേറ്റ് തയ്യാറാക്കി. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (ബി) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ കാർഷിക മേഖലയുടെ പുനർസൃഷ്ടിക്കായി പുനർജനി പദ്ധതിയിലൂടെ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ പുനർജനി പദ്ധതിയിലൂടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ